പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1865

14.07.2011 ൽ മറുപടിയ്ക്ക്

## മരുന്നു കമ്പനികളുടെ ചൂഷണം തടയാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.പി.ബി.അബ്ദുൾ റസാക്<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) മരുന്നു കമ്പനികളുടെ ചൂഷണത്തിൽ നിന്നും സംസ്ഥാനത്തെ രോഗികൾക്ക് സംരക്ഷണം നല്കാൻ കർമ്മ പദ്ധതികൾ എന്തെങ്കിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എങ്കിൽ വിശദവിവരം നൽകുമോ; | എ) അമിതവില ഈടാക്കി ചൂഷണം ചെയ്യുന്ന മരുന്നു കമ്പനികൾക്കെതിരെ നടപടി എടുക്കേണ്ടത് കേന്ദ്ര സർക്കാരാണ്. കേന്ദ്ര നിയമമായ Essential Commodities Act 1955 പ്രകാരം കേന്ദ്ര സർക്കാർ പാസാക്കിയ ഡ്രഗ്സ് (പ്രൈസസ് കൺട്രോൾ ) ഓർഡർ 1995 പ്രകാരമാണ് മരുന്നുകളുടെ വിൽപ്പനവില രാജ്യത്ത് നിയന്ത്രിക്കുന്നത്. നിലവിൽ 74 ഇനം മരുന്നുകളുടെയും അവയുടെ കോമ്പിനേഷനുകളുടെയും സീലിംഗ് പ്രൈസ് മാത്രമാണ് NPPA നിശ്ചയിച്ച് നോട്ടിഫൈ ചെയ്തിട്ടുള്ളത്. എല്ലാമരുന്നുകൾക്കും സീലിംഗ് പ്രൈസ് നിശ്ചയിച്ച് നോട്ടിഫൈ ചെയ്യുന്നതിലേക്ക് നിയമ നിർമ്മാണം നടത്താൻ കേന്ദ്ര സർക്കാരിനു മാത്രമേ കഴിയൂ.<br>എന്നാൽ വ്യാജ മരുന്നുകളും നിലവാരമില്ലാത്ത മരുന്നുകളും വിപണിയിലിറക്കി ചൂഷണം ചെയ്യുന്ന മരുന്നുകമ്പനികൾക്കെതിരെ നടപടി സ്വീകരിച്ചു വരുന്നുണ്ട് |
| (ബി) ഒരേ കെമിക്കൽ കോമ്പിനേഷൻ നിരവധി ബ്രാന്റുകളിൽ വിവിധ കമ്പനികൾ പുറത്തിറക്കുകയും, വിവിധ വില നിരക്കുകൾ ഈടാക്കുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ Enforcement ഉദ്യോഗസ്ഥർ മരുന്നു വില്പനശാലകളിൽ പരിശോധന നടത്തിയതിൽ നിന്നും ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുകയും ഇവ എൻ.പി.പി.എ. യെ അറിയിക്കുന്നുമുണ്ട്.. ഇത്തരത്തിൽ ലഭ്യമായ മിക്ക കോമ്പിനേഷനുകൾക്കും എൻ.പി.പി.എ. സീലിംഗ് പ്രൈസ് നിശ്ചയിച്ച് ഉറപ്പിച്ചിട്ടില്ലാത്തതിനാൽ അത്തരം കോമ്പിനേഷനുകളിൽ നിർമ്മിച്ചു വിവിധ നിരക്കുകളിൽ വില്ക്കുന്ന നിർമ്മാതാക്കൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നില്ല. |

| | |
|---|---|
| സി) അനുവദനീയമായ ഓരോ കെമിക്കൽ കോമ്പിനേഷന്റെയും യൂണിറ്റ് വില നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തുന്നതിനും, മരുന്നു പാക്കിംഗിന്റെ പുറത്ത് അതു രേഖപ്പെടുത്തിമാത്രം വില്പന നടത്തുന്നു എന്ന് ഉറപ്പു വരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (സി)സ്വീകരിച്ചിട്ടുണ്ട്. രാജ്യത്ത് വില്ക്കുന്ന ഏതു മരുന്നിന്റെ യൂണിറ്റിലും മറ്റു പാക്കിങ്ങിലും DPCO പ്രകാരം ആ മരുന്നിന് ഈടാക്കാവുന്ന പരമാവധി ചില്ലറ വില രേഖപ്പെടുത്തിയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം എം.ആർ.പി. പ്രിന്റ് ചെയ്യാതെ വിപണിയിൽ വിപണനം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില ചില്ലറ വില്പനശാലകളും, ആശുപത്രികളും മരുന്നിന്റെ ലേബലിൽ പ്രിന്റു ചെയ്തിരിക്കുന്ന എം.ആർ.പി.യെക്കാൾ കൂടുതൽ വിലയ്ക്ക് വിറ്റതായി കാണുകയും അത്തരം സ്ഥാപനങ്ങൾക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) വില നിയന്ത്രണത്തിൽ നിന്നും ഒഴിവായിക്കിട്ടാൻ അനാവശ്യ കെമിക്കലുകൾ കൂട്ടിച്ചേർത്ത് ബ്രാന്റഡ് മരുന്നുകൾ വില്പന നടത്തി രോഗികളെ കൊള്ളയടിക്കുന്ന രീതി ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു ണ്ടോ; | (ഡി). ഉണ്ട്. ഒരു മരുന്നോ, അതിന്റെ കോമ്പിനേഷനുകളോ നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് അതാത് സംസ്ഥാന ഡ്രഗ്സ് കൺട്രോളർ ആൻറ് ലൈസൻസിംഗ് അതോറിറ്റി ആണ് ലൈസൻസ് നല്കുന്നത്. സംസ്ഥാനത്ത് വില്ക്കപ്പെടുന്ന മരുന്നുകൾ എല്ലാം തന്നെ അന്യ സംസ്ഥാനങ്ങളിൽ നിർമ്മിച്ച് വിതരണം ചെയ്യുന്നവയാണ്. എൻ.പി.പി.എ.യുടെ നോട്ടിഫിക്കേഷൻ പ്രകാരം മരുന്നിന്റെയും അതിന്റെ കോമ്പിനേഷന്റെയും നിശ്ചിത അളവിലാണ് ceiling price നിശ്ചയിക്കുന്നത്. എന്നാൽ അന്യ സംസ്ഥാന മരുന്ന് നിർമ്മാതാക്കൾ എൻ.പി.പി.എ. നിശ്ചയിച്ചിട്ടുള്ള Strength -ൽ നിന്നും വിഭിന്നമായ Strength -ൽ മരുന്ന് നിർമ്മിക്കുന്നതിനുള്ള അനുമതി അതാതു State Drugs Controller മാരിൽ നിന്നും വാങ്ങി എൻ.പി.പി.എ.യുടെ നോട്ടിഫിക്കേഷന്റെ പരിധിയിൽ നിന്നും പുറത്ത് വന്ന് ഈ സംസ്ഥാനത്ത് വ്യപാകമായും വില്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ട്. സംസ്ഥാനത്ത് മരുന്ന് നിർമ്മാതാക്കൾ വളരെ കുറവായതിനാൽ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന് ഈ കാര്യത്തിൽ ഒരു നടപടിയും സ്വീകരിക്കാൻ സാധിക്കുന്നില്ല. |
| (ഇ) ഡോക്ടർമാർ നൽകുന്ന കുറിപ്പടിയിൽ മരുന്നിൽ ഉണ്ടായിരിക്കേണ്ട അവശ്യം കെമിക്കൽ കോമ്പിനേഷൻസ് മാത്രം ചേർക്കാനും, ബ്രാന്റ് നെയിം എഴുതുന്ന രീതി അവസാനി | ഇ). ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

| | |
|---|---|
| പ്പിക്കാനും ആവശ്യമായ കർശന നിർദ്ദേശം നൽകുമോ; | |
| (എഫ്) മെഡിക്കൽ എത്തിക്സ് പ്രകാരം ഒരു രോഗിക്ക് ഒരേ സമയം നല്കാവുന്ന പരമാവധി കെമിക്കൽ കോമ്പിനേഷൻ എത്രയാണെന്ന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അതിനുവിരുദ്ധമായി ചെറിയ രോഗങ്ങൾക്കുപോലും നിരവധി മരുന്നുകൾ കുറിച്ചു നല്കുന്ന ഡോക്ടർമാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എഫ്). ഓരോ രോഗിയ്ക്കും കൊടുക്കാവുന്ന പരമാവധി മരുന്നിനെ സംബന്ധിച്ച് പരിധികളൊന്നും നിശ്ചയിക്കപ്പെട്ടിട്ടില്ല. എന്നാൽ രോഗ ചികിത്സകൾ ശാസ്ത്രീയമായിരിക്കാനുള്ള പൊതുവായ മാനദണ്ഡങ്ങൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ